**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3197** **19.06.2019 ൽ മറുപടിയ്ക്ക്**

**ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹനം**

| **ചോദ്യം** | ഉത്തരം |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഗാർഹിക പച്ചക്കറി കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വരുന്നു.<br>ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കണം എന്ന ഉദ്ദേശത്തോടുകൂടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ഓണത്തിനു ഒരു മുറം പച്ചക്കറി' എന്ന ബൃഹത് പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യുവാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ ഗുണമേന്മയുള്ള പച്ചക്കറി വിത്തു പായ്ക്കറ്റുകളും, തൈ ഒന്നിന് 2 രൂപ 50 പൈസ വിലവരുന്ന വിവിധയിനം പച്ചക്കറി തൈകളും നൽകുന്നു. ഇത്തരത്തിൽ 2017-18-ൽ 40 ലക്ഷം വിത്തു പായ്ക്കറ്റുകളും 45.5 ലക്ഷം പച്ചക്കറി തൈകളും 2018-19-ൽ 40 ലക്ഷം വിത്തു പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. 2019-20-ൽ 60 ലക്ഷം വിത്തു പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്ത് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ ഗാർഹിക പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 25 എണ്ണം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ അടങ്ങിയ ഒരു യൂണിറ്റിന് 1500 രൂപ സബ്സിഡി നിരക്കിലും സസ്യസംരക്ഷണ ഉപാധികളും കർഷകർക്കു നൽകി വരുന്നു. ഇത്തരത്തിൽ 2017-18-ൽ 37000 ഗ്രോബാഗ് യൂണിറ്റുകളും, 2018-19-ൽ 43918 ഗ്രോബാഗ് യൂണിറ്റുകളും വിതരണം ചെയ്തു. 2019-20-ൽ 39000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി നൽകിവരുന്നു. ചെറുകിട തുള്ളിനന/ തിരിനന യൂണിറ്റുകൾ സ്ഥാപിക്കൽ, റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ വഴിയും ഗാർഹിക പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു.<br>കൂടാതെ ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ വഴി 'ഹരിത നഗരി' പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) | ഗാർഹിക/മട്ടുപ്പാവ് പച്ചക്കറി കൃഷിയിൽ സർക്കാർ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണവും നേരിടുന്ന പ്രശ്നങ്ങളും എന്തൊക്കെയെന്ന് അറിയിക്കുമോ; | ബി) | ഉണ്ട്. |
| സി) | ഗാർഹിക പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് മറ്റേതെങ്കിലും സംസ്ഥാനത്തെയോ വിദേശ രാജ്യങ്ങളിലെയോ മാതൃകകൾ അവലംബിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) | ഗാർഹിക പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവ്വകലാശാലയിലെ ഹൈടെക് റിസർച്ച് & ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം രൂപകല്പന ചെയ്ത മൾട്ടിടയർ ഗ്രോബാഗ്, മൾട്ടി ഡിസൈൻ പോളീ ഹൗസ് (മിനി പോളീഹൗസ്) എന്നിവ മുഖാന്തിരമുള്ള പച്ചക്കറി കൃഷി അവലംബിച്ചു വരുന്നു. |
| ഡി) | വിഷരഹിത ഗാർഹിക പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ | ഡി) | വിഷരഹിത ഗാർഹിക പച്ചക്കറി കൃഷി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി |

| | |
|---|---|
| സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | വിവിധ ഘടകങ്ങളായ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം, പച്ചക്കറി തൈകളുടെ വിതരണം. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ. ജില്ലാ ക്ലസ്റ്ററുകളുടെ വികസനം, 'എ' ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശു നില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**